# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2703 — 12.10.2011 ൽ മറുപടിയ്ക്ക്

### ഉല്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ഉല്പാദന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്തെ നെല്ല്, നാളികേര കൃഷിക്കാരെ സംരക്ഷിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി വിപണന ഇടപെടലിനും സംസ്കരണത്തിനും ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘങ്ങൾ മുഖേന ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം 16 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും 1329 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുകയും അർഹതപ്പെട്ട സംഘങ്ങളെ തെരഞ്ഞെടുത്തു വരികയും ചെയ്യുന്നു. കൂടാതെ ഉല്പാദന മേഖല ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് എൻ.സി.ഡി.സി. പദ്ധതി പ്രകാരവും സഹകരണ സംഘങ്ങൾ മുഖേന ധനസഹായം അനുവദിച്ചു വരുന്നു. |

| | |
|---|---|
| (സി) കാർഷിക വികസന ബാങ്കുകൾ മുഖേന സംരംഭകർക്ക് വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന കാർഷികവും, കാർഷികേതരവുമായ ആവശ്യങ്ങൾക്കായി പുതുസംരംഭങ്ങൾക്ക് ദീർഘകാല വായ്പകൾ നൽകിവരുന്നു.<br>കാർഷികേതര മേഖലയിൽ ചെറുകിട സംരംഭങ്ങൾക്കായി 50 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് 50,000/- രൂപ വരെ 11.50% വും അതിനു മുകളിൽ 13% വും പലിശ നിരക്കിൽ വസ്തു ജാമ്യത്തിന്മേൽ വായ്പകൾ നൽകുന്നു. ചെറുകിട ഗ്രാമീണ വ്യവസായങ്ങൾ, സ്വയം തൊഴിൽ പദ്ധതികൾ, കാർഷികോല്പന്നങ്ങളുടെ വിപണനം, വിദ്യാഭ്യാസ വായ്പ ചരക്ക്/ടാക്സി വാഹനങ്ങൾ വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ മേഖലയിൽ വായ്പകൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ